പാലക്കാട് ജില്ലയിലെ കൽപ്പാത്തി വിശ്വനാഥസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട വലിയ ഒരുത്സവമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കൽപ്പാത്തി രഥോത്സവം. ഈ രഥോത്സവത്തിന്റെ പശ്ചാത്തലത്തിൽ ഒരു നർത്തകി തന്റെ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത ഒരു നൃത്തം അഞ്ച് ദിവസം കൊണ്ട് ഏതാണ്ട് അൻപതിനായിരം പേർ കണ്ടുകഴിഞ്ഞു.

സ്ഥിരമായി നൃത്തവീഡിയോകൾ സാമൂഹ്യ മാധ്യമത്തിൽ പോസ്റ്റ് ചെയ്യുന്ന ഒരു നർത്തകിയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ അംഗീകാരമാണ്.
കുട്ടിക്കാലം മുതൽ ഒരു വലിയ നർത്തകിയാകണം എന്ന് ആഗ്രഹിക്കുകയും വളർന്നപ്പോൾ ബാങ്ക് ജോലി സ്വന്തമാക്കി അതിനോടൊപ്പം താൻ പ്രാണനെ പോലെ സ്നേഹിക്കുന്ന നൃത്തത്തെ ഒപ്പം കൊണ്ട് നടക്കുകയും ചെയ്യുന്ന ഈ കലാകാരിയാണ് ഇന്നത്തെ ദളം സമ്പുഷ്ടമാക്കുന്നത്.

രമ്യ കൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ഒറ്റപ്പാലം ശാഖ.

ഇന്ത്യൻ ബാങ്കിൽ ചീഫ് മാനേജർ ആയി റിട്ടയർ ചെയ്ത നല്ലൊരു ഗായകൻ കൂടിയായ ശ്രീ എ വി ഉണ്ണികൃഷ്ണന്റെയും ഹൈസ്കൂൾ അധ്യാപികയായി റിട്ടയർ ചെയ്ത സരളയുടെയും രണ്ട് പെൺമക്കളിൽ മൂത്തയാളാണ് രമ്യ കൃഷ്ണൻ.

രമ്യയുടെ സഹോദരി ഡോക്ടർ രേഖ മാങ്കോട് മെഡിക്കൽ കോളേജിൽ പത്തോളജിസ്റ്റും ഭർത്താവ് ഡോക്ടർ രോഹിത് വള്ളുവനാട് ഹോസ്പിറ്റലിലെ ഓർത്തോപീഡിക്ക് സർജനുമാണ്.

ഒറ്റപ്പാലം കേന്ദ്രീയവിദ്യാലയത്തിൽ ആയിരുന്നു രമ്യയുടെ നാലാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം. തുടർന്ന് പത്താം ക്ലാസ് വരെ ഒറ്റപ്പാലം ലേഡി ശങ്കരനാരായണൻ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലും പ്ലസ് ടു വാണിയംകുളം ഹയർ സെക്കൻഡറി സ്കൂളിലും ആയിരുന്നു.
ഒറ്റപ്പാലം എൻ എസ് എസ് കോളേജിൽ നിന്നും ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയ ശേഷം കോയമ്പത്തൂർ ഹിന്ദുസ്ഥാൻ കോളേജിൽ നിന്നും എംബിഎയെയും കരസ്ഥമാക്കി.

സ്കൂൾ കോളേജ് പഠനകാലത്ത് രമ്യ പങ്കെടുക്കാത്ത മത്സരങ്ങൾ ഉണ്ടായിരുന്നില്ല. ശാസ്ത്രീയ നൃത്തം, മോണോ ആക്ട്, കഥാപ്രസംഗം, തിരുവാതിര, മാർഗംകളി, ഒപ്പന, മോഹിനിയാട്ടം, ചാക്യാർകൂത്ത് എന്നിങ്ങനെ ഒരു വിധം എല്ലാ കലാരൂപങ്ങളിലും രമ്യ തന്റെ കഴിവുകൾ പ്രകടമാക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

അഞ്ചാം വയസ്സിൽ തന്നെ രമ്യ നൃത്തം ശാസ്ത്രീയമായി പഠിച്ചു തുടങ്ങി. മുരളി മാഷ് ആയിരുന്നു ആദ്യ ഗുരു. ഹൈസ്കൂളിൽ എത്തുമ്പോഴേക്കും പാലക്കാട് പ്രമോദ് ദാസിന്റെ കീഴിലായി നൃത്തപഠനം. പങ്കെടുത്ത മിക്ക മത്സരങ്ങളിലും സംസ്ഥാനതലത്തിൽ എ ഗ്രേഡ് നേടാൻ രമ്യയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ കാലഘട്ടം മുതൽ ഒപ്പം പഠിച്ച, ശ്രീ പൈങ്കുളം നാരായണ ചാക്യാരുടെ ശിഷ്യത്വം സ്വീകരിച്ച് കൂത്തും കൂടിയാട്ടവും പരിശീലിച്ചിട്ടുള്ള, പിന്നീട് ജീവിത പങ്കാളിയായി മാറിയ ജയദേവ് ഉൾപ്പെട്ട ടീമിന് സമ്മാനവും ലഭിച്ചിട്ടുണ്ട്.

പഠനകാലത്ത് പ്ലേസ്മെന്റിൽ രമ്യക്ക് റോയൽ ബാങ്ക് ഓഫ് സ്കോട്ട്ലൻഡിൽ ജോലി കിട്ടിയെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ ജോലി വേണം എന്ന അച്ഛന്റെ ആഗ്രഹം സാധിച്ചു കൊടുക്കാൻ ബാങ്കിംഗ് പരിശീലനത്തിൽ ഏർപ്പെടുകയും 2010ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിയമനം ലഭിക്കുകയും ചെയ്തു. സേലം ആർ ബി ഓയിൽ ആയിരുന്നു ആദ്യ നിയമനം. തുടർന്ന് സേലത്ത് തന്നെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ചു.

നല്ലൊരു ഗായകനും കൂത്ത്, കൂടിയാട്ടം എന്നീ കലകളിൽ പ്രാവീണ്യമുള്ള ആളുമായ ജയദേവുമായുള്ള വിവാഹശേഷം 2018ൽ രമ്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒറ്റപ്പാലം ശാഖയിൽ എത്തിച്ചേർന്നു.

കലകളെ എന്നും പ്രോത്സാഹിപ്പിച്ചിട്ടുള്ള പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം രമ്യക്കും കലയിൽ ധാരാളം അവസരങ്ങൾ ഉണ്ടാക്കിക്കൊടുത്തു.
കലാമണ്ഡലം ഡോക്ടർ ഗീത ശിവകുമാറിന്റെ കീഴിൽ മോഹിനിയാട്ടവും ശ്രീ വിജേഷ് വല്ലത്തിന്റെ കീഴിൽ ഭരതനാട്യവും കുച്ചിപ്പുടിയും ഒക്കെ ഇന്നും രമ്യ അഭ്യസിക്കുന്നു.
ഇവരുടെ സഹായത്തോടെ ഭരതനാട്യത്തിലും കുച്ചുപ്പുടിയിലും ഡിപ്ലോമ കരസ്ഥമാക്കി.
അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും ഭരതനാട്യത്തിൽ മാസ്റ്റർ ബിരുദവും സമ്പാദിച്ചു.

കോവിഡ് കാലത്ത് ടി ബി യുടെ മുൻ കാല ദളങ്ങളായ ചിത്രയും രതീഷുമൊക്കെയാ യുള്ള സൗഹൃദവും കലാപ്രവർത്തനങ്ങളും രമ്യക്ക് ബാങ്കിലും ധാരാളം അവസരങ്ങൾ ഉണ്ടാക്കി. അന്ന് വ്യത്യസ്ത ഇടങ്ങളിൽ ഇരുന്ന് 5 പേർ അഭിനയിച്ചു സംയോജിപ്പിച്ച "വിഭാവനം" എന്ന ഹ്യസ്വചിത്രത്തിൽ
ചിത്ര, രതീഷ് എന്നിവർക്കൊപ്പം രമ്യയും ഒരു വേഷം ചെയ്യുകയും ശ്രദ്ധിക്കപ്പെടുകയും ചെയ്തു.

പിന്നെ അങ്ങനെ ഒരവസരം ഉണ്ടായത് കഴിഞ്ഞ ടി ബി മീറ്റ് കാലത്താണ്. അന്നത്തെ ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ അവതരിപ്പിക്കപ്പെട്ടി ല്ലെങ്കിലും ശ്രദ്ധിക്കപ്പെട്ട ചിത്രമായിരുന്നു "എന്റെ ശരി". നമ്മുടെ

മുൻകാലദളമായിരുന്ന അരുൺകുമാർ ആയിരുന്നു അതിന്റെ സംവിധായകൻ.
ഗ്ലോബൽ ഇൻഡിപെൻഡന്റ് ഫിലിം ഫെസ്റ്റിവലിൽ മലയാളംഷോർട്ട് ഫിലിം വിഭാഗത്തിൽ ഈ ഹ്രസ്വ ചിത്രം രണ്ടാം സമ്മാനം നേടുകയും ചെയ്തു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സർഗോത്സവവും തന്റെ കഴിവുകളെ തേച്ചു മിനുക്കാനുള്ള ഒരു വേദിയായി എന്നാണ് രമ്യയുടെ പക്ഷം. ഒരു ബാങ്ക് ഡേ പരിപാടിയിൽ നമ്മുടെ മറ്റൊരു മുൻകാലദളമായ ധനൂപിനൊപ്പം ടാഗോർ സ്റ്റേഡിയത്തിൽ നൃത്തച്ചുവടുകൾ വയ്ക്കാൻ കഴിഞ്ഞത് ജീവിതത്തിലെ ഒരു ധന്യനിമിഷമായാണ് രമ്യ കാണുന്നത്.

ഗുരുവായൂർ, ചീനക്കത്തൂർ, തിരുവില്വാമല, പഴയന്നൂർ തുടങ്ങി പ്രശസ്തമായ പല ക്ഷേത്രങ്ങളിലും നൃത്ത പരിപാടികൾ അവതരിപ്പിക്കാൻ കഴിഞ്ഞു എന്നത് ജീവിതത്തിലെ വലിയ ഭാഗ്യമായി രമ്യ കണക്കാക്കുന്നു. എല്ലാവർഷവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നടത്തുന്ന ഏകാദശി വിളക്ക് പരിപാടിയിൽ ഗുരുവായൂർ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിലെ പരിപാടികളിൽ പങ്കെടുക്കാൻ കഴിയുന്നത് വലിയ പുണ്യം എന്ന് രമ്യ വിശ്വസിക്കുന്നു.

ടിബിയുടെ ഓൺലൈൻ പരിപാടികളിൽ പലപ്പോഴും പങ്കെടുത്തിട്ടുണ്ടെങ്കിലും ആദ്യമായി ഒരു ടിബി മീറ്റിൽ പങ്കെടുക്കുന്നത് കോഴിക്കോട് മീറ്റിലാണ്.
അന്ന് ഒറ്റയ്ക്ക് ഒരു നൃത്ത പരിപാടിയിലും ചിത്രയും ഒക്കെ പങ്കെടുത്ത ഒരു സ്കിറ്റിലും പങ്കെടുക്കാൻ രമ്യയ്ക്ക് കഴിഞ്ഞു. എന്നാൽ പിന്നീട് നടന്ന രണ്ട് ടിബി മീറ്റുകളിലും പങ്കെടുക്കാൻ കഴിയാതിരുന്നത് ഒരു വലിയ നഷ്ടമായി ഇന്നും രമ്യയുടെ മനസ്സിലുണ്ട്.

മക്കൾ, ഒറ്റപ്പാലം ലക്ഷ്മി നാരായണ വിദ്യാനികേതൻ ഏഴാം ക്ലാസ് വിദ്യാർത്ഥി അനിരുദ്ധ്, യുകെജി വിദ്യാർഥിനി അനിഖ എന്നിവർ നൽകുന്ന പിന്തുണ വല്ലാത്ത ഊർജമാണ് നൽകുന്നത്. ഒപ്പം ഭർത്താവും, മാതാപിതാക്കളും, സുഹൃത്തുക്കളും തന്റെ നൃത്തസപര്യക്ക് നൽകുന്ന പ്രോത്സാഹനത്തെക്കുറിച്ച് പറയുമ്പോൾ രമ്യയുടെ വാക്കുകളിൽ ആഹ്ലാദം അല്പതല്ലി.
തന്നെ പ്രോത്സാഹിപ്പിക്കുന്ന സുഹൃത്തുക്കളുടെ പേരുകളുടെ കൂട്ടത്തിൽ ചിത്രയെ രമ്യ പ്രത്യേകം പരാമർശിച്ചു.

ആറു മാസം പ്രായമായ മകളെഎടുത്തുകൊണ്ട് ചാത്തൻ കണ്ടരുകാവിൽ മോഹിനിയാട്ടം ആടിയതും മകൾ വളർന്ന ശേഷം അവളോടൊപ്പം കുറേ അരങ്ങുകളിൽ നൃത്തം അവതരിപ്പിച്ചതും ജീവിതത്തിലെ സുവർണ്ണ നിമിഷങ്ങൾ.

നൃത്തപരിപാടികളെ പ്പോലെ തന്നെ അവതാരകയായും രമ്യപൊതു പരിപാടികളിൽ തിളങ്ങാറുണ്ട്. ഇടക്ക് ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് കൂടി ആയ ശ്രീജ പ്രകാശിനൊപ്പം ദീക്ഷ സ്കൂൾ ഓഫ് ഡാൻസ് എന്നൊരു സ്ഥാപനം ആരംഭിക്കുകയും കുറേ കുട്ടികൾക്ക് നൃത്തപരിശീലനം നൽകുകയും ചെയ്തു എന്നത് രമ്യക്ക് ഏറെ ചാരിതാർഥ്യം നൽകുന്നു.

ജി എസ് ടി ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് കമ്മീഷണറായി റിട്ടയർ ചെയ്ത ഭർതൃമാതാവ് ശ്രീമതി പത്മജ 2019ൽ നൃത്തത്തിൽ അരങ്ങേറ്റം കുറിക്കുകയും രമ്യയ്ക്ക് കലാജീവിതത്തിൽ നിറഞ്ഞ പ്രോത്സാഹനമായി കൂടെ നിൽക്കുകയും ചെയ്യുന്നു.

ഏറെ അറിയപ്പെടുന്ന നർത്തകിയാവുക, നൃത്തത്തിൽ ഒരു ഡോക്ടറേറ്റ് നേടുക ഇതാണ് ഇന്ന് രമ്യ മനസ്സിൽ കൊണ്ടു നടക്കുന്ന ഏറ്റവും വലിയ ആഗ്രഹം. സുകുമാരി അമ്മയെ പ്പോലെ ഏത് റോളും അനായാസമായി കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു നടിയാവുക എന്നത് മറ്റൊരാഗ്രഹം. ഇതൊക്കെ സഫലീകരിക്കാൻ രമ്യയ്ക്ക് കഴിയട്ടെ എന്ന് ടിബി കുടുംബം ആത്മാർത്ഥമായി ആശംസിക്കുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

The grand Kalpathi Ratholsavam, one of the most celebrated festivals of the Kalpathi Viswanathaswamy Temple in Palakkad, is now in full splendour. And in the midst of this festive fervour, a dance performance posted on Facebook by a dancer has quietly created a wave—close to fifty thousand views in just five days.

For an artist who regularly shares her dance videos on social media, this is no small recognition; it is a heartfelt validation of her art, her discipline, and her deep-rooted love for dance.

This artist, who as a little girl dreamt of becoming a great dancer—and later found her professional footing in the banking sector while carrying dance along like a pulse of life—is our Talented Banker today.

Ramya Krishnan,
State Bank of India,
Ottapalam Branch.

Ramya is the elder daughter of Sri A. V. Unnikrishnan, a retired Chief Manager of Indian Bank and an accomplished singer, and Smt. Sarala, a retired high school teacher.
Her younger sister, Dr. Rekha is a pathologist at Mankot Medical College, and Rekha's husband, Dr. Rohit, serves as an orthopaedic surgeon at Valluvanadu Hospital.

Ramya studied at Kendriya Vidyalaya Ottapalam till Class 4, later moving to Lady Shankaranarayanan Girls' Higher Secondary School until Class 10, and completed her Plus Two at Vaniamkulam Higher Secondary School. She graduated with a degree in Mathematics from NSS College Ottapalam and went on to complete her MBA from Hindusthan College, Coimbatore.

Throughout her school and college years, Ramya was a constant presence in the cultural competitions. Classical dance, mono act, kadhaprasangam, Thiruvathira, Margamkali, Oppana, Mohiniyattam, Chakyar Koothu—there was hardly an art form she did not explore, excel in, and win laurels for.

Her journey in classical dance began at the tender age of five, under her first guru Murali Mash. By high school, she was training under Palakkad Pramod Das. She earned A grades in most of the state-level competitions she participated in.
She also trained, along with a group that included Jayadev—her classmate from school years and now her husband—under the discipleship of the legendary Sri Paingkulam Narayana Chakyar, learning Koothu and Koodiyattam, and the team also won a prize in the Youth Festival.

Although she received an offer from the Royal Bank of Scotland through campus placement, she chose instead to honour her father's choice —that she join a nationalised bank. She trained for banking exams, and in 2010, joined the State Bank of India. Her first posting was at Salem RBO, followed by a transfer to the Administrative Office in Salem.

After her marriage to Jayadev—himself an excellent singer and an artiste skilled in Koothu and Koodiyattam—Ramya moved to SBI Ottapalam in 2018.

Ottapalam, a land that has always nurtured and celebrated the arts, offered Ramya countless opportunities to grow. She continues her training in Mohiniyattam under Dr. Geetha Shivakumar of Kerala Kalamandalam, and in Bharatanatyam and Kuchipudi under Sri Vijesh Vallath.
With their guidance, she completed diplomas in both Bharatanatyam and Kuchipudi, and she also holds a Master's degree in Bharatanatyam from Annamalai University.

During the pandemic, the friendships and creative collaborations with former Talented Bankers like Chithra and Ratheesh offered Ramya new artistic openings.
In the short film "Vibhaavanam," created remotely with five actors, she played a notable role alongside them.

Her next memorable opportunity came during the last TB meet, in the short-film festival, through the film "Ente Shari," directed by another former Talented Banker, Arun Kumar—though it wasn't screened, it still garnered appreciation.

Ramya considers SBI's Sargotsavam another cherished stage that refined her talents. One of her

most treasured moments was performing at Tagore Stadium during a Bank Day event, with Dhanoop, another former Talented Banker.

Performing at renowned temples such as Guruvayur, Cheenakkathoor, Thiruvilwamala, and Pazhayannur remains one of the richest blessings of her artistic life.
Every year, she considers it a divine privilege to perform at Guruvayur's Melpathur Auditorium for SBI's Ekadasi Vilakku.

Though she has participated in many online TB programmes, she attended her first TB meet at Kozhikode—performing both a solo dance and a skit alongside Chithra. Missing the next two TB meets is something she still considers a deep regret.

Her children—Anirudh, a Class 7 student at Lakshmi Narayana Vidyaniketan Ottapalam, and Anikha, a UKG student—are her strongest source of energy and joy.
Her husband, parents, and a close circle of friends continue to be pillars of support. Among these friends, Ramya mentions Chithra with special affection.

One of the most unforgettable memories of her life remains dancing Mohiniyattam at Chathan Kandarukavu with her six-month-old daughter in her arms—and years later, performing on stage with her once that little baby had grown.

Apart from dance, Ramya also shines as an anchor in various public events. With her friend, Chartered Accountant Sreja Prakash, she co-founded Deeksha School of Dance, training young children—something that continues to give her immense fulfilment.

Her mother-in-law, Smt. Padmaja—retired Assistant Commissioner from the GST Department—made her own dance debut in 2019, and has always been a constant source of encouragement in Ramya's artistic life.

Today, Ramya carries two dreams closest to her heart:
to become a widely recognised dancer, and to pursue a doctorate in dance.
She also hopes to become an actor who can effortlessly slip into any role—much like the legendary Sukumari Amma.

The TB family wholeheartedly wishes that every one of these dreams unfolds beautifully for her.